<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2202 | 07.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **<u>സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്</u>** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**,, ഇ.ടി.ടൈസൺ മാസ്റ്റർ**<br>**,, വി.ആർ.സുനിൽ കുമാർ**<br>**,, കെ.രാജൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. ബഹു. കേരള ഗവർണ്ണറുടെ 24.06.2016 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി)പ്രസ്തുത വകുപ്പ് രൂപീകരിക്കുന്നത് വഴി എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാവുകയെന്ന് അറിയിക്കുമോ; | (ബി) വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനുതകുന്ന നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിനും ലിംഗപരമായ വിവേചനം തടയുന്നതിനും, അതിക്രമങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിനും, കഴിവുകൾ പൂർണ്ണമായ തോതിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ നിയമപരവും സ്ഥാപനപരവുമായ സഹായം നൽകുന്നതിനും സാധിക്കും. കൂടാതെ പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനും കുട്ടികളുടെ കഴിവുകൾ പൂർണ്ണമായും വളർന്ന് വികസിക്കുന്നതിനാവശ്യമായ പഠനപരവും പോഷണപരവുമായ മാനസിക ചുറ്റുപാടുകൾ ഒരുക്കി കൊടുക്കുന്നതിനും സാധിക്കും. |
| (സി) വകുപ്പ് എന്ന് നിലവിൽ വരുമെന്നും വകുപ്പിന്റെ കീഴിൽ എന്തൊക്കെ വിഷയങ്ങളാകും വരികയെന്നും അറിയിക്കുമോ? | (സി) പുതിയ വകുപ്പ് രൂപീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വകുപ്പ് നിലവിൽ വരുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നിവയാണ് പുതിയ വകുപ്പിനു കീഴിൽ വരുന്ന വിഷയങ്ങൾ. |

സെക്ഷൻ ഓഫീസർ